**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8064 17.07.2014-ൽ മറുപടിക്ക്**

**ഗ്രാമീണ ആരോഗ്യമേഖലയിൽ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും കുറവ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ**<br>**,, അബ്ദുറഹിമാൻ രണ്ടത്താണി**<br>**,, എൻ.എ.നെല്ലിക്കുന്ന്**<br>**,, വി.എം.ഉമ്മർ മാസ്റ്റർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ ആരോഗ്യ മേഖലയിൽ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) ഗ്രാമീണ മേഖലയിലെ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ മുഴുവനും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി ശുപാർശ ലഭിച്ച 198 ഉദ്യോഗാർത്ഥികൾക്ക് 01.08.2014-ന് നടത്തുന്ന കൗൺസിലിംഗ് മുഖേന ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് ഒഴിവുകൾ യഥാസമയം സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും നൽകി നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ, അടിയന്തിര ഘട്ടങ്ങളിൽ എൻ.ആർ.എച്ച്.എം മുഖേന ജീവനക്കാരെ നിയമിച്ച് സേവനം ഉറപ്പു വരുത്തുന്നുണ്ട്. |
| (സി) നഗരപ്രദേശങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഏറെക്കുറെ ആളുള്ളപ്പോൾ ഗ്രാമപ്രദേശങ്ങളിലെ നാമമാത്ര തസ്തികകളിൽപ്പോലും ആളില്ലാതാവുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല. നഗര പ്രദേശങ്ങളിൽ നല്ല താമസ സൗകര്യങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും വാഹന സൗകര്യങ്ങളും ലഭ്യമാണ്. ഗ്രാമീണ മേഖലയിലെ ആശുപത്രിയിൽ ക്വാർട്ടേഴ്സ് സൗകര്യങ്ങളിൽ പരിമിതികളുണ്ട്. അതിനാൽ ഗ്രാമ പ്രദേശത്തെ ആശുപത്രികളിൽ ഡോക്ടർമാർ സേവനം ചെയ്യാൻ വിമുഖത പ്രകടിപ്പിക്കുന്നുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ